ലിറ്റിൽ

കൈറ്റ്സ്

സംരംഭം

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

# 'ഉദയം'

## ഡിജിറ്റൽ മാസിക




ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂൾ  തുമ്പമൺ നോർത്ത്

GHSS THUMPAMON NORTH

1912

# 'ഉദയം'

## ഡിജിറ്റൽ മാഗസിൻ

2018-19

**ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂൾ, തുമ്പമൺ നോർത്ത്**

**ഒരു ലിറ്റിൽ കൈറ്റ്സ് സംരംഭം**


More ideas
Do one thing at a time

# സന്ദേശം

പൊതുവിദ്യാഭ്യാസമേഖല വിവര സാങ്കേതിക വിനിമയ രംഗത്ത് അത്ഭുതാവഹമായ പുരോഗതി കൈവരിച്ചിരിക്കുന്നു. ഈ നേട്ടം നമ്മുടെ സ്കൂളും നേടിയിരിക്കുന്നു. പാഠപുസ്തകങ്ങൾക്കപ്പുറത്തുള്ള വിവരങ്ങൾ കുട്ടികൾക്കു മുന്നിൽ ശ്രാവ്യ-ദൃശ്യരംഗങ്ങളായി അവതരിക്കപ്പെടുന്നു.

കുട്ടികളുടെ ഐ. ടി. കൂട്ടായ്മയായ ലിറ്റിൽകൈറ്റ്സിന്റെ ആഭിമുഖ്യത്തിൽ തയാറാക്കിയ ഡിജിറ്റൽ മാഗസിൻ അവരുടെ സർഗ്ഗവാസനയും സാങ്കേതിക പരിജ്ഞാനവും പരിപോഷിക്കുവാൻ സഹായകമാണ്. ഈ മാസിക നമ്മുടെ സ്കൂളിന് ഒരു മുതൽക്കൂട്ടാവട്ടെ എന്ന് ആശംസിക്കുന്നു.

ഹെഡ്മിസ്ട്രസ്

ശാന്തകുമാരി എൻ



**ഉള്ളടക്കം**


'ഉദയം'....................1
'ഉദയം'....................2
സന്ദേശം....................4
എഡിറ്റോറിയൽ....................6
നൊമ്പരം....................7
കേരളത്തെ കുലുക്കിയ മഹാ പ്രളയം....................10
ഒറ്റയ്ക്കു പൂത്തൊരു വാക....................13
സുന്ദരിയും രാക്ഷസനും....................14
പ്രസംഗം....................18
ഉപന്യാസം....................20
മഴ....................23
സർബത്ത് ഷമീർ....................24
അമ്മ....................26
ഉപന്യാസം....................27
മഴ....................28
സ്നേഹം....................29
കടങ്കഥകൾ....................31
കടപ്പാട്....................33

# എഡിറ്റോറിയൽ

പുലരിയെ തഴുകിത്തലോടുന്ന കുളിർക്കാറ്റ്........

എവിടേയും സന്തോഷത്തിൻെറ നറുമണങ്ങൾ........

കിളികൾ തൻ മണിനാദം ..................

പച്ചപ്പുതപ്പ് വിരിച്ചുനിൽക്കും നെൽപ്പാടങ്ങൾ..........
ലോകത്തെ നീലഛായയിൽ മുക്കിനിൽക്കും

ആകാശം...................
എങ്ങും സമൃദ്ധിയുടേയും സ്നേഹത്തിൻെറയും

ആരവം...................
എന്നെന്നും ഓർമ്മയിൽ സൂക്ഷിക്കുവാനായി

ഞങ്ങളുടെ ആദ്യ സംരംഭം 'ഉദയം'

സമർപ്പിക്കുന്നു.

എഡിറ്റർ

സ്നേഹ എബ്രഹാം

## നൊമ്പരം



ഒരു  താഴ്വരയിൽ  ഇടിയും മഴയും ഉള്ള ഒരു ദിവസത്തിലാണ് മീന എന്ന പെൺകുട്ടിയുടെ ജനനം. ജനിച്ചനാൾ തന്നെ മീനയെ അവളുടെ പിതാവ് പെൺകുട്ടിയാണെന്ന പേരിൽ ഉപേക്ഷിച്ചുപ്പോയി. അവളുടെ ഓരോ പിറന്നാളിനും മീന അച്ഛനെ പ്രതീക്ഷിച്ചിരുന്നു. എന്നാൽ അയാൾ വന്നില്ല. ചെറുപ്പത്തിൽ തന്നെ ഓരോരോ കാരണങ്ങളാൽ നൊമ്പരപ്പൂവായി  തീർന്ന മീന അഞ്ചാം ക്ലാസിൽ ചേർന്നു.

എല്ലാ കുട്ടികളും പുത്തൻ വസ്ത്രങ്ങളും കുടയും ബാഗും ധരിച്ചു വന്നപ്പോൾ മീന മാത്രം പഴകിയ വസ്ത്രങ്ങളും മറ്റും ധരിച്ചു കൊണ്ടു വന്നു. മീനയെ ക്ലാസിലെ കുട്ടികളെല്ലാം കളിയാക്കി. എന്നാൽ ആ വിഷമം മീന പുറത്തു കാട്ടിയില്ല. അവൾ മറഞ്ഞു നിന്നു കരഞ്ഞു. അവൾക്കറിയാമായിരുന്നു തന്റെ അവസ്ഥ എന്താണെന്ന്. മീന വളർന്നു. നല്ലൊരു ഉദ്യോഗ പദവിയിലെത്തി. അവളുടെ തളർച്ചയിൽ കൈത്താങ്ങായും ഉയർച്ചയിൽ  അഭിമാനം കൊണ്ടും അവളുടെ അമ്മ അവളെ നോക്കി നിന്നു.മീന അധ്വാനിച്ചു. അധ്വാനത്തിലൂടെ അവൾ ഒരു കലക്ടറായി മാറി. ഒരിക്കൽ ഒരാൾ അവളെ തേടി വന്നു.അതൊരു മധ്യവയസ്കനായിരുന്നു. ആ മധ്യവയസ്കൻ ആരാണെന്നു അവൾക്കറിയില്ലായിരുന്നു. എന്നാൽ മധ്യവയസ്കൻ മനസ്സിലാക്കി മീന എന്ന കലക്ടർ തനിക്കും തന്റെ ഭാര്യയ്ക്കും പിറന്ന മകളാണെന്ന്. അയാൾ മീനയെ അവളുടെ അമ്മയിൽ നിന്നും വേർപിരിക്കാൻ നോക്കി. എന്നാൽ അതു നടന്നില്ല. കലക്ടർ പദവിയിൽ നിന്നു ഉയർന്ന സ്ഥാനങ്ങളിലേക്ക് അവൾ വളർന്നു. എന്നിട്ടും മീനയുടെ അച്ഛൻ അവളെ അമ്മയിൽ നിന്നു വേർപിരിക്കാനുള്ള ശ്രമം തുടർന്നു. പതിയെ പതിയെ അവൾ അമ്മയിൽ നിന്നു

വേർപിരിയുന്നതായി അഭിനയിച്ചു. അഭിനയം അമ്മ മനസ്സിലാക്കി. എന്നാൽ അവൾ അച്ഛനെയും സ്നേഹിച്ചിരുന്നു. അവൾ രണ്ടു പേരിൽ നിന്നും അകലാതെ അടുത്തു കൊണ്ടേയിരുന്നു. മകളുടെ പേരിലുള്ള ഒരേ വഴക്കും മാതാ പിതാക്കളിൽ നിന്നും അനുഭവിച്ചു. അവൾ വീണ്ടും ഒരു നൊമ്പരത്തിന്റെ നിറകുടമായി തീർന്നു. എന്നാൽ അവൾ തളർന്നില്ല. പകരം ഉയർന്നു കൊണ്ടേയിരുന്നു. അവളുടെ ഉയർച്ചയിൽ മാതാപിതാക്കൾ സന്തോഷിച്ചു. അവളുടെ പേരിലുള്ള വാക്കു തർക്കങ്ങൾ മാതാപിതാക്കൾ അവസാനിപ്പിച്ചു. നൊമ്പരപ്പൂവായ മീനയുടെ ചുണ്ടിൽ മന്ദഹാസം വിടർന്നു. പിന്നീടുള്ള കാലം അവൾ സന്തോഷമായി ജീവിച്ചു. നൊമ്പരപ്പൂവായ അവൾ മന്ദഹാസത്തിന്റെ പ്രതീകമായി തീർന്നു.

**ആര്യാദേവി**

**ക്ലാസ്സ് 9**

## കേരളത്തെ കുലുക്കിയ മഹാ പ്രളയം



ജീവന്റെ ജീവനാം കേരളനാടിനെ
ഓർക്കുക മർത്യാ ഇന്നീ

ദിനങ്ങൾ.

മലവെള്ളപാച്ചിലാൽ ഒഴുകുന്നു കേരളം.
ജീവനുവേണ്ടി തുടിക്കുവീ നാളുകൾ
പാർപ്പിടമില്ലാതെ ഭക്ഷണമില്ലാതെ ദുരിതത്തിലാണ്ടു കിടക്കുമീ
ജീവനും ജീവന്റെ രക്ഷക്കായ് കടലിന്റെ മക്കളും നാവികസേനയും

ഒന്നിച്ചു നിന്നു പോയ്.



ദുരിതമാം പാതകൾ താണ്ടുന്ന മർത്യ നീ
ഓർക്കുക എന്നും നീ കേരളത്തെ
ജീവിത രക്ഷക്കായ് പായുന്ന മർത്യനു ജീവന്റെ രക്ഷപോൽ
ക്യാംപുകളും
ഹിന്ദുവും  ക്രിസ്തുവും ഇസ്ലാം മതക്കാരും ഒന്നിച്ചു നിന്നു മീ
മലവെള്ളപാച്ചിലിൽ
സ്നേഹ ബന്ധങ്ങളിന്നൂട്ടി ഉറപ്പിക്കാൻ കാരണമായി ഇന്നീ
പ്രളയം.



ഇനി ഓരോ ജന്മവും പ്രകൃതിയെന്ന അമ്മയോട് ഇത്തരം ക്രൂരത കാട്ടാതിരിക്കുക.

ജീവിക്കൂ മർത്യാ നീ ജീവിക്കുക പൊഴിയുന്ന പുഷ്പമാണീ ജീവിതം

എന്നെങ്കിലും നാം മണ്ണോട്ടു ചേരും.

**മാളവിക വിനോദ്**

**ക്ലാസ്സ് 9**

# ഒറ്റയ്ക്ക് പൂത്തൊരു വാക

മൂന്നാറിൽ നിന്ന് ഇരവികുളത്തേക്കു പോകുന്ന പാതയിൽ വച്ചാണ് കാളിയപ്പൻ എന്ന തമിഴനെ യാദൃച്ഛികമായി കണ്ടത്. ചായത്തോട്ടങ്ങൾക്കപ്പുറം മഞ്ഞിന്റെ പടുതയിലൂടെ വരയാടുകളെയെങ്ങാനും കാണുമോ എന്ന കൗതുഹലമായിരുന്നു ഞങ്ങൾക്ക്.



**ആദർശ്**

**ക്ലാസ്സ് 9**

# സുന്ദരിയും രാക്ഷസനും



ഒരിടത്ത് ഒരു വീട്ടിൽ ഒരച്ഛനും
മൂന്ന് പെൺമക്കളും താമസിച്ചിരുന്നു. ഏറ്റവും ഇളയ മകൾ ബുദ്ധിമതിയും സുന്ദരിയുമായിരുന്നു.അവർ വളരെ ധനികരായിരുന്നു.
ഒരു ദിവസം അവരെ ഞെട്ടിക്കുന്ന വാർത്തയുമായി കപ്പൽ മേദാവികൾ വന്നു. കപ്പൽ തകർന്നു എന്നതായിരുന്നു ആ വിവരം . സങ്കടം താങ്ങാനാവാതെ ധനികനായ അയാൾ വരാന്തയിൽ ഇരുന്നു. ഇളയ മകൾ വിവരമറിഞ്ഞ് അച്ഛനെ ആശ്വസിപ്പിക്കാനായി അരികിൽ എത്തി. മകളുടെ ആത്മവിശ്വാസത്തിൽ അച്ഛൻ കടൽ തീരത്തേക്ക് പോയി. അവിടെ ചെന്നപ്പോൾ അയാളുടെ നെഞ്ച് തകർന്നിരുന്നു. ധനികനായ അയാൾ തിരികെ വീട്ടിൽ വന്നു. കുറച്ചു ദിവസങ്ങൾക്ക് ശേഷം ഒരു സന്തോഷ
വാർത്തയുമായി തൊഴിലാളികൾ അദ്ദേഹത്തിൻെറ വീട്ടിൽ വന്നു.ആ സന്തോഷവാർത്ത ഒരു കപ്പൽ
തിരികെ വന്നു എന്നതായിരുന്നു. അത് അദ്ദേഹത്തിൻെറ

മനസ്സിനെ വളരെയധികം സന്തോഷവാനാക്കി.  ഈ വിവരമറിഞ്ഞ് മൂന്ന് പെൺമക്കളേയും അച്ഛൻ അരികിലേക്ക് വിളിച്ചു. എന്നിട്ട് അവർക്ക് ഓരോരുത്തർക്കും വേണ്ടത് എന്തെല്ലാമെന്ന് ചോദിച്ചു. മൂത്തമകൾ ആഭരണങ്ങൾ വേണമെന്നും രണ്ടാമത്തെ മകൾ വസ്ത്രങ്ങൾ വേണമെന്നും പറഞ്ഞു.

മൂന്നാമത്തെ മകളോട് അച്ഛൻ ചോദിച്ചു  എന്താണ് വേണ്ടതെന്ന് . എന്നാൽ മകൾ പറഞ്ഞു അച്ഛൻ സുരക്ഷിതനായി വീട്ടിൽ എത്തണം എന്നു പറഞ്ഞു . മകളുടെ ഈ വാക്കു കേട്ട് അച്ഛന് അഭിമാനം തോന്നി. എന്നാലും നിനക്കെന്താണ് വേണ്ടതെന്ന് പറയൂ. എനിക്ക് ഒരു ചുവന്ന റോസാപ്പൂവ് വേണം. ശരി മോളെ നിനക്ക് വേണ്ടി ഞാനിത് തീർച്ചയായും കൊണ്ടുവരും. വീട്ടിൽ നിന്ന് അയാൾ പുറപ്പെട്ടു. അവിടെ എത്തിയപ്പോൾ കപ്പലിലെ സാധനങ്ങൾ എല്ലാം എടുത്ത് അവർ സ്ഥലം വിട്ടിരുന്നു. ദുഃഖം താങ്ങാനാവാതെ അദ്ദേഹം അവിടെ നിന്നും പോയി. എന്തോ ചിന്തിച്ചു നടന്ന അയാൾക്ക് വഴി തെറ്റിപ്പോയി. ആ സമയത്ത് മഞ്ഞുമഴ പെയ്യുകയായിരുന്നു. മഞ്ഞ് കാരണം കുതിരയ്ക്ക് നടക്കാൻ പറ്റില്ലായിരുന്നു. അദ്ദേഹം അതിനെ ഒരു മരത്തിൽ കെട്ടി. എവിടെ നിന്നോ ഒരു പ്രകാശം അയാൾ കണ്ടു. അദ്ദേഹം അതിനെ ലക്ഷ്യമിട്ട് നടന്നു. അവിടെ ചെന്നപ്പോൾ അയാൾ ഒരു വലിയ കൊട്ടാരത്തിൻെറ അടുത്തെത്തി. ആ കൊട്ടാരം കാണാൻ നല്ല ഭംഗിയായിരുന്നു. അവിടെ ചെന്നപ്പോൾ അവിടെ ആരുമില്ലായിരുന്നു. അദ്ദേഹം ഒരു ദിവസം അവിടെ

തങ്ങി. തിരിച്ചു മടങ്ങാൻ ഇറങ്ങിയപ്പോൾ വലിയ ഒരു റോസാപ്പൂന്തോട്ടം അദ്ദേഹത്തിന്റെ ശ്രദ്ധയിൽ പെട്ടു. അതിൽ നിന്നും ഒരു റോസാപ്പൂ ബ്യൂട്ടിക്കുവേണ്ടി പറിക്കാൻ തീരുമാനിച്ചു. ഒരു റോസാപ്പൂ പറിച്ചപ്പോൾ ഒരു ഭീകര ശബ്ദത്തോടെ കൊട്ടാരത്തിൽ നിന്നും ഒരു രാക്ഷസൻ ഇറങ്ങി വന്നു. നീ ആരുടെ അനുവാദത്തോടെയാണ് എന്റെ റോസാപ്പൂ പറിച്ചത്?

അങ്ങ് എന്നോട് ക്ഷമിക്കണം. ഞാൻ എന്റെ മൂന്ന് മക്കളിൽ

ഒരാൾക്കു വേണ്ടിയാണ് റോസാപ്പൂ പറിച്ചത്.

രാക്ഷസന് അയാളോട് ദയവ് തോന്നി. റോസാപ്പൂ പറിച്ചതിൽ ദേഷ്യപ്പെടാഞ്ഞതിൽ അദ്ദേഹത്തിന് അത്ഭുതം തോന്നി.

അയാൾ മക്കളിൽ

ഏറ്റവും ഇളയ മകളെ രാക്ഷസന് നൽകാൻ തീരുമാനിച്ചു. രാക്ഷസന്റെ ദയവും സ്നേഹവും കൊണ്ടാണ് മകളെ അദ്ദേഹം നൽകാൻ തീരുമാനിച്ചത്. മകൾക്ക് ആദ്യം സമ്മതമല്ലായിരുന്നു. പിന്നീട് അച്ഛന്റെ വാക്ക് അവൾ പാലിച്ചു. രാക്ഷസന്റെ കൊട്ടാരത്തിലേക്ക് അവൾ ഒരു കുതിരയുടെ പുറത്തുകയറി പോയി.

അൽപ്പസമയത്തിനു ശേഷം അവൾ കൊട്ടാരത്തിലെത്തി. അവളെ കണ്ടപ്പോൾ രാക്ഷസന് ദയവ് തോന്നി. അവൾ രാക്ഷസന്റെ അടുത്തേക്ക് ചെന്നു. അവൾ അടുത്തേക്കു ചെന്നതും രാക്ഷസൻ ഒരു രാജകുമാരനായിമാറി. അവൾക്ക് അത്ഭുതമായി. ഒരു സ്വപ്നമാണെന്ന് അവൾക്ക് തോന്നി.

എന്നാൽ അത് സത്യമായിരുന്നു.

രാക്ഷസന് ഒരു ശാപം കിട്ടിയതായിരുന്നു. രാജകുമാരൻ ബ്യൂട്ടിയെ വിവാഹം

കഴിച്ചു. നടന്നതെല്ലാം അവൾ അച്ഛനോട് പറഞ്ഞു. അയാൾക്ക് സന്തോഷമായി. അവർ സന്തോഷമായി

കഴിഞ്ഞു.!

**അപർണ**

**ക്ലാസ്സ്9**

പ്രസംഗം



ബഹുമാനപ്പെട്ട പ്രഥമഅധ്യാപിക ശാന്തകുമാരി ടീച്ചർ, മറ്റു പ്രിയ അദ്ധ്യാപകരെ പ്രിയ വിദ്യാർഥി സുഹൃത്തുക്കളെ എല്ലാവർക്കും എന്റെ വിനീതമായ
നമസ്കാരം.

ഇന്ന് നമ്മുടെ പ്രിയ അദ്ധ്യാപകനായ ഷാജി സാറിന്റെ ജന്മദിനമാണ്. സാർ നമ്മോടൊപ്പം ഈ സ്ക്രൂളിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു.

ഈ സ്ക്രൂളിലെ ഏതൊരു കാര്യത്തിലും അദ്ദേഹത്തിൻെറ പ്രവർത്തനം വളരെ വലുതാണ്. ഈ സക്രൂളിലെ കുട്ടികളുടെ മനസ്സിനുള്ളിൽ വളരെ വലിയ സ്ഥാനമുണ്ട്. സാർ ഞങ്ങളോട് ഒരു അദ്ധ്യാപകനായിട്ടല്ല ഒരു സുഹൃത്തായിട്ടാണ് പെരുമാറുന്നത്.

ഞങ്ങളുടെ പ്രിയ അദ്ധ്യാപകനായ ഷാജി

സാറിൻെറ പിറന്നാൾ ദിനത്തിൽ ഞങ്ങൾ തരുന്ന സമ്മാനം ഈ ചെറിയ വാക്കുകളിൽ ഒതുക്കുന്നു. ഇത്രയും പറഞ്ഞു കൊണ്ട് എൻെറവാക്കുകൾ നിർത്തുന്നു .

നന്ദി,

നമസ്കാരം

**യദുൻ വിനോജ്**

**ക്ലാസ്സ്9**

<u>ഉപന്യാസം</u>

വിഷയം-പരിസ്ഥിതി സംരക്ഷണം



സ്നേഹമുള്ള ചങ്ങാതിമാരെ,

നമ്മുടെ ചുറ്റുപാടുകൾ ശ്രദ്ധിച്ചു നോക്കൂ. എന്തെല്ലാം വ്യത്യസ്ത കാഴ്ചകളാണ് കാണുന്നത്.പരിസ്ഥിതിയെ സംരക്ഷിക്കണമെന്ന് ഒരു ബോധവും ഈ കാലത്തെ മനുഷ്യർക്ക് ഇല്ല. പരിസ്ഥിതിയെ നശിപ്പിക്കുന്നത് ദൃഷ്യമാണ്. പ്രകൃതിയായ അമ്മ ഇതെല്ലാം സഹിച്ചു നിന്നു. ഇനി സഹിച്ചു നിൽക്കുകയില്ല. മരങ്ങൾ

വെട്ടിക്കളഞ്ഞാൽ എന്തെല്ലാമാണ് സംഭവിക്കുന്നത്? പ്രകൃതിനമ്മളെ ഒന്നും ചെയ്യുന്നില്ല. കാട്ടിൽ താമസിക്കുന്ന ജനങ്ങൾ പ്രകൃതിയെ സ്നേഹിക്കുന്നു. അതുപോലെ തന്നെ പ്രകൃതിയെ നമ്മളും സ്നേഹിക്കണം. പ്രകൃതിയിലെ മരങ്ങളും എല്ലാം നശിപ്പിച്ചാൽ പ്രകൃതിക്ക് നാശനഷ്ടങ്ങൾ സംഭവിക്കും. പ്രകൃതിയിലെ മരങ്ങളും മറ്റും നശിപ്പിക്കാതിരുന്നാൽ പ്രകൃതിയെ കാണാൻ എന്തൊരു ഭംഗിയായിരിക്കും. മരം ഒരു വരമാണെന്ന് പറയുകയുള്ളൂ അല്ലാതെ നമ്മൾ നശിപ്പിക്കാതിരിക്കില്ല. ഈ പ്രകൃതി ഇല്ലായിരുന്നെങ്കിൽ നമ്മളില്ല. പരിസ്ഥിതിയെ സംരക്ഷിക്കണം എന്ന ബോധം ഉണ്ടാകണം. അത് ഈ കാലത്തെ മനുഷ്യർക്കില്ല. എത്ര ക്രൂരമായാണ് നാം പ്രകൃതിയെ ഉപദ്രവിക്കുന്നത്. പ്രകൃതി നമ്മളെ ഒന്നും ചെയ്യില്ല. എന്നാൽ നാം അതിനെ നശിപ്പിച്ചുകൊണ്ടിരിക്കുകയാണ്. ഇനി വരും തലമുറയും ഇങ്ങനെ തന്നെ ചെയ്തുകൊണ്ടിരിക്കും . അങ്ങനെ ചെയ്താൽ നമ്മൾക്കാണ് ദോഷകരം. നമ്മളും ചെയ്യരുത് വരും തലമുറയും ചെയ്യരുത്. എത്ര പറഞ്ഞാലും മനുഷ്യർ കേൾക്കില്ല. പറയുകമാത്രം ചെയ്യാം അല്ലാതെ അവർ കേൾക്കില്ല. ഇവരെ നമ്മൾ എന്തു പറഞ്ഞാണ് മനസ്സിലാക്കേണ്ടത്. ഇവർക്ക് തക്കതായ ശിക്ഷ നൽകണം . എന്തു കാരണം കൊണ്ടാണ് ഇവർ ഇങ്ങനെ പ്രകൃതിയെ ക്രൂരമായി ഉപദ്രവിക്കുന്നത്.

പ്രകൃതിയോടു നമ്മൾ ചെയ്യുന്ന ക്രൂരതയാണ് പ്ലാസ്റ്റിക്. പ്ലാസ്റ്റിക്ക് ദോഷകരമാണ് . നമ്മൾ ഉപേക്ഷിച്ചേ മതിയാകൂ . പ്ലാസ്റ്റിക് ഒരു അപകടകാരിയാണ് . പ്ലാസ്റ്റിക് മണ്ണിലേക്കിടുമ്പോഴും , കത്തിക്കുമ്പോഴും ദോഷകരമാണ്. പേപ്പർ മണ്ണിന് ദോഷകരമല്ല. പേപ്പർ കൊണ്ടുള്ള സാധനങ്ങളേ ഉപയോഗിക്കാവൂ . പ്ലാസ്റ്റിക് കാരണം എന്തെല്ലാം രോഗങ്ങളാണ് നമ്മൾക്ക് ഉണ്ടാകുന്നത് . പ്ലാസ്റ്റിക് പ്രകൃതിയിൽ കത്തിക്കുമ്പോൾ അന്തരീക്ഷത്തിന് നാശകരമാകുന്നു. എത്ര വലിയ വില നൽകിയാലും അത് തിരിച്ചെടുക്കാൻ നമ്മൾക്ക് കഴിയില്ല. പ്രകൃതി സംരക്ഷിക്കു സ്നേഹിക്കു പ്രകൃതിയിലേക്കിറങ്ങൂ പരിപാലിക്കു നിരീക്ഷിക്കു ഇത്രയും എഴുതികൊണ്ട് ഞാൻ എൻെറ എഴുത്ത് ചുരുക്കുന്നു.

**സോണി രാജ്**

**ക്ലാസ്സ്9**

# സ്കൂൾ ഒരു നേർക്കാഴ്ച



# മഴ



മഴ മഴ മഴ മഴ നല്ല മഴ

മഴ മഴ മഴ മഴ കുഞ്ഞു മഴ

മഴ മഴ മഴ മഴ വല്യ മഴ

മഴയോടൊപ്പം മഴവില്ല്

ഏഴു നിറത്തിൽ മഴവില്ല്

പുഞ്ചിരി തൂകി തെളിമാനം

ചാഞ്ചാടുന്നു സസ്യങ്ങൾ!

ആതിര ആർ നായർ

ക്ലാസ്സ്9

## സർബത്ത് ഷമീർ



ഒരു മനോഹരമായ ഗ്രാമം. അവിടെഒരു ചായക്കടയുണ്ടായിരുന്നു. അയാളാണ് ഷമീർ. അയാൾ പാവപ്പെട്ടവനായിരുന്നു. അയാൾ എല്ലാ ദിവസവും പതിനൊന്ന് മണിയാകുമ്പോൾ കടയിലെത്തുമായിരുന്നു. ജനങ്ങൾ എല്ലാവരും ചായകുടിക്കാൻ ഷമീറിന്റെ കടയിൽ വരുമായിരുന്നു. ഷമീറിന്റെ ചായയ്ക്ക് നല്ല സ്വാദാണ്.അയാളുടെ

കടയിൽ ഒരു വേലക്കാരനുണ്ടായിരുന്നു. അയാളാണ് ശങ്കർ.ഷമീർ എപ്പോഴും ശങ്കറിനെ അടിക്കുമായിരുന്നു. പാവം ശങ്കർ ആ അടി നിന്നു കൊള്ളുമായിരുന്നു. എന്നാൽ എപ്പോഴോ ശങ്കറിന് ഷമീറിനോട് ദേഷ്യം തോന്നി. ശങ്കർ ജോലി ഉപേക്ഷിച്ചു പോയി. ആ നിമിഷം മുതൽ ശങ്കറിന്റെ വില ഷമീർ മനസ്സിലാക്കി. പിന്നീടാരെയും ഷമീർ ഉപദ്രവിച്ചിട്ടില്ല. അയാൾ എല്ലാവരോടും സ്നേഹത്തോടെ പെരുമാറി.

**ബിൻസി യോഹന്നാൻ**

**ക്ലാസ്സ്9**

# ബാല്യത്തിന്റെ ആവേശം



# അമ്മ

ജീവനാണെന്റെ അമ്മ

സ്നേഹമുള്ള അമ്മ

ഐശ്വര്യമെന്റെ അമ്മ

അമ്മയ്ക്ക് എന്റെ ഉമ്മ



ദിവ്യാദാസ്

ക്ലാസ്സ്9

## ഉപന്യാസം

### യുവത്വം നേരിടുന്ന വെല്ലുവിളികൾ



Image Credit: istockphoto.com/Wavebreakmedia

നാളെയുടെ വാഗ്ദാനങ്ങളാണ് ഓരോ യുവാക്കളും. നാളെ ഈ ലോകത്തിന്റെ കാലചക്രം തിരിക്കുന്നതും ഇവരാണ്. എന്നാൽ ഇന്നത്തെ യുവതലമുറകൾ മദ്യത്തിനും മയക്കുമരുന്നിനും അതുപോലെതന്നെ ഇന്റർനെറ്റിന്റെയും പിറകെ ഓടുകയാണ്.

എടുത്ത് പറയേണ്ടത്  മൊബൈൽ ഫോണിന്റെ അമിത ഉപയോഗമാണ്.ഇന്ന് മൊബൈൽ ഫോൺ  ഒരു ഉപകരണം മാത്രമല്ല നമ്മുടെ ശരീരത്തിന്റെ ഭാഗമായിരിക്കുകയാണ്. നാം ഓർക്കണം ഫോണിൻെറ പിറകെ

പോയി എത്ര യുവാക്കളാണ് ഇന്ന് ഓരോ കുരുക്കിലും ചെന്നു ചാടുന്നത് .ഫോൺ ഉപയോഗിക്കണ്ട എന്നല്ല പറയുന്നത്. ഒരു പരുധി  വരെ മാത്രമേ ഉപയോഗിക്കാവൂ എന്നാണ്.

ഒരു കൊച്ചുകുട്ടിയെ എടുത്തുനോക്കിയാൽ ആ കുട്ടിയുടെ കൈയിലും ഫോൺ ഉണ്ടായിരിക്കും. വാഹനമോടിക്കുമ്പോൾ സെൽഫോൺ ഉപയോഗിക്കുന്നവരുണ്ട്. ഓരോ അപകടങ്ങളിലേക്കാണ് അവർ ചെന്നുപെടുന്നത്. അനേകായിരം യുവാക്കളാണ് മരണപ്പെടുന്നത്.

നാം ഓർക്കുക,നാളെയുടെ വാഗ്ദാനങ്ങളെ ഓരോ യുവാക്കളെയും വാർത്തെടുക്കേണ്ടത് ഈ സമൂഹമാണ് . അതുകൊണ്ട് നമ്മുടെ സമൂഹം ഒറ്റക്കെട്ടായി നിന്ന് യുവാക്കളെ നേർപാതയിൽ  കൊണ്ടെത്തിക്കുവാൻ ശ്രമിക്കുക.

**സ്നേഹ എബ്രഹാം**

**ക്ലാസ്സ്9**

# മഴ

മാനം നിറയെ മഴ വന്നു.
മഴ കാണാൻ തവള വന്നു
മുറ്റം നിറയെ ചെളിവെള്ളം
ചെളിവെള്ളത്തിൽ കളിവള്ളം



കളിവള്ളത്തിൽ ഉറുമ്പുകൾ
തോണിക്കാരൻ പുൽച്ചാടി
കുഞ്ഞു മനസിൽ കളിവള്ളം

അതുൽ ചന്ദ്രൻ

ക്ലാസ്സ്9

# പ്രകൃതി







# സ്നേഹം

ഒരു അമ്മയും മൂന്ന് മക്കളും ഉണ്ടായിരുന്നു

മകന് വിദേശത്ത് ആയിരുന്നു ജോലി.

ആ അമ്മയുടെ കൂടെ രണ്ട് പെൺമക്കൾനാട്ടിലായിരുന്നു.

ആ മകൻ കുടുംബമായിട്ട് വിദേശത്ത്താമസിക്കുകയായിരുന്നു.
ആ മകന് നാട്ടിൽ അമ്മയും സഹോദരിമാരും ഉണ്ടെന്ന്

ഓർത്തിരുന്നില്ല.
പക്ഷേ മകൻ അയക്കുന്ന കത്താണെന്ന് പറഞ്ഞു കൊണ്ട്

എന്നും ഒരുകത്ത് മകൾ വായിച്ചുകേൾപ്പിക്കുമായിരുന്നു.
മകൻ കത്ത് അയിക്കുന്നില്ലന്ന് അറിഞ്ഞാൽ

അമ്മ ചങ്ക് പൊട്ടി മരിക്കുമായിരുന്നു.
പണ്ട് മുതൽ തന്നെ ആ മകനെ അമ്മ വിളിച്ചിരുന്നത്

മോനുയെന്നാണ്.
അമ്മയെ മകൻ വിളിച്ചിരുന്നത് ഗൗരിക്കുട്ടിയമ്മയെന്നാണ്
പക്ഷേ ഇപ്പോൾ
ആ മകന് അമ്മ മോനു എന്ന് വിളിക്കുന്നത്

പോലും ഇഷ്ടമല്ലതായിരിക്കുന്നു.
ആ മകന്റെ നാവിൽ നിന്ന് ഗൗരിക്കുട്ടിയമ്മേയെന്ന് ഒരു വിളി

കേൾക്കാൻ ആ അമ്മ കാതോർത്ത് ഇരിക്കുകയാണ്.
കൂട്ടുകാരുടെ മുന്നിൽ വെച്ച് അമ്മ മോനു എന്നു വിളിക്കുന്നതും
അമ്മയ്ക്ക് വയസായി
കൂട്ടുകാരുടെമുന്നിൽ പരിജയപ്പെടുത്തിയാൽ
തനിക്കൊരു അപമാനമാകുമെന്നാണ്

മോനുവിന്റെഅമ്മയെയുംസഹോദരികളെയുംമറന്ന് കുടുംബവും,

കൂട്ടുകാരുമായിരുന്ന അദ്ദേഹത്തിന്റെ ജീവിതം.
അങ്ങനെയിരിക്കെ ഒരിക്കൽ കൂട്ടുകാർക്കും തനിക്കും വേണ്ടി

മോനു കമ്പിനിയിൽ തട്ടിപ്പ് നടത്തി. കുറച്ചു ദിവസങ്ങൾക്ക് ശേഷം
കമ്പിനി

മാനേജർ ഇത് പിടിച്ചു.
മോനുവിനെ ജോലിയിൽ നിന്ന് പുറത്താക്കുകയും

കുടുംബജീവിതത്തിൽ നിന്നും പുറത്താക്കി. കള്ളനുമായിട്ടുള്ള കൂട്ട്

വേണ്ടയെന്ന് കൂട്ടുകാർ പറഞ്ഞു.
കുറച്ചു ദിവസങ്ങൾക്കു ശേഷം തിരിച്ചെത്തിയ മോനു നാട്ടിൽ

തിരിച്ചെത്തി അമ്മയുടെ കാലുപിടിച്ച് മാപ്പ് ചോദിച്ചു.
മോനു ഇപ്പോൾ തിരിച്ചറിയുന്നു ഏത് സ്നേഹത്തേക്കാളും

വലുതാണ് അമ്മയുടെ സ്നേഹം. മക്കൾ തെറ്റ് ചെയ്താലും അത്
ശമിക്കാനും മറക്കാനും അമ്മമാർക്ക് കഴിയും
ഇപ്പോൾ ഗൗരിക്കുട്ടിയമ്മയുടെ മനസ്സിൽ ഒരു

വിഷമവും ഇല്ല. സന്തോഷമാണ് ഇപ്പോൾ അവരുടെ

ജീവിതത്തിൽ.

**ഹരികൃഷ്ണൻ**

**ക്ലാസ്സ്9**

**കടങ്കഥകൾ**

1. ആനയ്ക്കും നിലയില്ല പാപ്പാനും നിലയില്ല
അമ്പാടിക്കണ്ണന് അ.ടരയോളം വെള്ളം

-തവള

ആനയിലുണ്ട് ചേനയിലില്ല ഇമയിലുണ്ട് ഇഷ്ടത്തിലില്ല
രണ്ടക്ഷരമുള്ള ഞാനാര്

-ആമ

ആനയെക്കാണാൻ വെളിച്ചമുണ്ട് വിളക്കുകൊളുത്താൻ തീയില്ല

-ടോർച്ച്

ഉണ്ടാക്കുന്നവൻ ഉപയോഗിക്കുന്നില്ല ഉപയോഗിക്കുന്നവൻ അറിയുന്നില്ല

-ശവപ്പെട്ടി

എല്ലാം തിന്നും എല്ലാം ദഹിക്കും വെള്ളം
കുടിച്ചാൽ ചത്തുപോകും

-തീ

എന്നെ തൊട്ടുകൂട്ടും പക്ഷെ സദ്യയ്ക്കെടുക്കില്ല

-കാൽക്കുലേറ്റർ

ഒരമ്മ നേരം വെളുത്താൽ വീടിന്ന ചുറ്റും
ഓടിനടക്കും പിന്നെ ചെന്നൊരു മൂക്കിലിരിക്കും

-ചൂല്

ഓട്ടും കുതിര ചാട്ടും കുതിരവെള്ളം
കണ്ടാൽ നിൽക്കും കുതിര

-ചെരുപ്പ്

**അനന്യ ശങ്കർ**

**ക്ലാസ്സ്9**

## കടപ്പാട്

മാഗസിൻ രൂപകല്പനയിൽ പങ്കാളികളായ എല്ലാ കൂട്ടുകാർക്കും ഞങ്ങൾക്കാവശ്യമായ നിർദ്ദേശങ്ങളും സഹായങ്ങളും തന്ന അധ്യാപകർക്കും ഹെഡ്മിസ്ട്രസിനും നന്ദി.....

